Official Monthly Bulletin April 2013

# MARIAN



**St. Mary's Indian Orthodox Cathedral**
P.O.Box 834, Manama, Kingdom of Bahrain Tel: 17252980 Fax: 17276092
E-mail: info@stmarybahrain.com Website: www.stmarybahrain.com



وزارة التنمية الاجتماعية
Ministry of Social Development
Under the patronage of
Ministry of Social Development
in support of Social Rehabilitation Directorate
St. Mary's Orthodox Syrian Church
Presents
On Friday 3rd May 2013
At Indian School, Isa Town
From 11.00 am to 11.00 pm
Batelco
MEGA FAIR'13
Approval No. MSD/52/42/2013
Title Sponsor
Batelco
Platinum Sponsor
BFC
Music, Mimics & Dance
Food & Games Stalls
Golden Sponsor
آل زميع
alzamih
Trading & industrial Supplies
Band facilitated by
lounge
Silver Sponsors
GE Lighting
diplomatDC
mazda
INTERNATIONAL MOTOR TRADING AGENCY
Hisham Contracting
ALBI W.L.L.
POW RTEX
زيدون للمقاولات
ZAEDON BUILDING CONSTRUCTION
emjay W.L.L
emjay Printing & Trading
Co - Sponsors
البستان
AL BUSTAN
CIVIL & MEP CONTRACTORS
AL-GANDEEL CONTRACTING S.P.C
Techno-Line
Zeta
Fire & Safety
DEVJI
SINCE 1950
FIRST & BEST CONSTRUCTION
Rashid Shaheen Contracting
Pearl India
Official Diners
Terrace Garden
Official Hotel
Ramee Group of Hotels
Official Inn
CONCORD
INTRENATIONAL HOTEL
Official Snaps
SALMANIYA DIGITAL STUDIO
Official Printer
مطبعة النجاح ومكتبتها
AL NAJAH PRINTING PRESS
Supporting Sponsors
LuLu
SHARP
Supporting Sponsors
EBRAHIM K. KANOO
المؤيد للمقاولات
Almoayyed Contracting
Al Dar
Equipment Hiring
Guardian
ROYAL BAHRAIN HOSPITAL
Castillo
TAIF BUILDING CONTRACTING EST.
HILAL COMPUTERS
BEMCO
RECORDER PRINTING PUBLISHING

**MARIAN**

Monthly News Bulletin

**St. Mary's Indian Orthodox Cathedral**

Kingdom of Bahrain

April 2013, Issue III




April 05th



Feast of St. George-April 23rd

**Editorial Board**

| | | |
|---|---|---|
| Chief Editor | : | Thomas Vaidyan P.K. |
| Editors | : | Robby Punnen , Sijumon Chacko |
| Photos | : | Diju John & Moncy Varghese |




# എഡിറ്റോറിയൽ

നോമ്പ്, നിഷ്ഠ, നമസ്ക്കാരം ആദിയായവയോടുകൂടി ആത്മശരീരമനസ്സുകളെ നിയന്ത്രിച്ച് ആത്മസംയമനത്തോടെ നാം നടത്തിയ തീർത്ഥാടനത്തിൻെറ ഒരു പൂർത്തീകരണം. ഭക്തിയുടെയും മുക്തിയുടെയും കേന്ദ്രബിന്ധുവായ ഈ വലിയപെരുന്നാളിനെ നിസായിലെ വി. ഗ്രീഗോറിയോസ് വിളിക്കുന്നത് പകലിനേക്കാൾ പ്രോജ്ജ്വലമായ പ്രകാശപ്പെരുന്നാളെന്നാണ്. "ക്രിസ്തു ഉയർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം." (1കൊരിന്തി:15:14.) ഇത് സഭയുടെ ആരാധനാജീവിതത്തിൻെറ ആരംഭവും അടിസ്ഥാനവും കൂടിയാണ്.

മാറുന്നലോകത്തിൽ മാറാത്തവനായി, മാറ്റമില്ലാത്തവനായി, മഹോന്നതനായ ദൈവം നിലകൊള്ളുന്നുവെന്ന് മണിനാദങ്ങൾ മുഴക്കിയും ഹാലേലുയ്യാശബ്ദം ഉയർത്തിയും പ്രപഞ്ചം മുഴുവനും ഉദ്ഘോഷിക്കുന്ന ഒരു സുദിനം. മനുഷ്യനു നഷ്ടപ്പെട്ട ദൈവീക ചൈതന്യവും സ്രോതസ്സും തിരിച്ചു ലഭിച്ചതിൻെറ ചരിത്രം ഇവിടെ ആരംഭിക്കുന്നു. സമയകാലങ്ങൾക്ക് ഭൂമിയിൽ പരിധിയുള്ളവനാണ് മനുഷ്യൻ. ജനനം മുതൽ അവൻ നടന്ന് നീങ്ങുന്നത് മരണത്തിലേക്കാണ്. മരിച്ച് മണ്ണോട് ചേർന്നവരെ മണ്ണിൽനിന്നുയർത്തി അവരുടെ ഉണങ്ങിച്ചുരുണ്ട അസ്ഥികൾക്ക് ജീവനും മജ്ജയും മാംസവും അണിയിക്കുമെന്നുള്ള ദൈവീക വാഗ്ദാനത്തിൻെറ അച്ചാരമാണ് കർത്താവേശുമശിഹായുടെ പുനരുത്ഥാനം. യേശുക്രിസ്തുവിൻെറ ഉത്ഥാനത്തിൽ പങ്കാളികളായി നിത്യജീവൻെറ ചൈതന്യമുൾക്കൊണ്ടവരായ നാം ഓരോരുത്തരും പാപമുള്ള ലോകത്തിലാണ് ജീവിക്കുന്നത്. മനുഷ്യൻ അറിഞ്ഞും അറിയാതെയും മനസ്സോടും മനസ്സുകൂടാതെയും സമൃദ്ധിയായ ജീവൻെറ സന്തോഷവും സന്തുഷ്ടിയും അവഗണിച്ച് സ്നേഹം, വിശ്വാസം, പ്രത്യാശ ഇവയ്ക്ക് അന്യരായിതീരാതെ അവയെ ഉൾക്കൊണ്ട് ഒരുത്തമ ജീവിതം നയിക്കുവാൻ നമുക്കേവർക്കും ഈ പുനരുത്ഥാനപ്പെരുന്നാളിലൂടെ കഴിയട്ടെ...!!

ഉയർത്തെഴുന്നേറ്റ കർത്താവിനെ ദർശിക്കുവാനും അനുഭവിച്ചറിയാനും കഴിഞ്ഞ നിങ്ങൾക്കേവർക്കും ഞങ്ങളുടെ ഈസ്റ്റർ ആശംസകൾ

സ്നേഹപൂർവ്വം,
തോമസ്സ് വൈദ്യൻ പീ.കെ.
ചീഫ് എഡിറ്റർ

Published by St. Mary's Indian Orthodox Cathedral, Kingdom of Bahrain
for private circulation among Cathedral members only.



പ്രിയസഹോദരങ്ങളെ,

കർത്താവിൻെറ പുനരുത്ഥാനപ്പെരുന്നാളിൽ ഒരിക്കൽ കൂടി സംബന്ധിച്ച് അനുഗ്രഹീതരാവാൻ നമുക്ക് ഇടയായിരിക്കുന്നു. ഈ വർഷത്തെ കഷ്ടാനുഭവ ആഴ്ച്ച ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുവാൻ ഇടയായതിൽ അത്യധികം സന്തോഷിക്കുന്നു. കൃതാർത്ഥതയോടെ കാരുണ്യവാനായ ദൈവത്തെ സ്തുതിക്കുന്നു. സഹകാർമ്മികരായി സഹായിച്ച ബഹു. ബിജു ആൻഡ്രൂസ് അച്ചനേയും ബഹു. എം. ബി ജോർജ്ജ് അച്ചനേയും നന്ദിപൂർവ്വം ഓർക്കുന്നു. പ. മദ്ബഹായിൽ ശുശ്രൂഷിച്ച ശുശ്രൂഷക സംഘാഗംങ്ങളേയും , ഗായക സംഘത്തേയും പ്രത്യേകം ഓർക്കുന്നു. വിവിധ ക്രമീകരണങ്ങൾക്ക് നേതൃത്വം വഹിച്ച കത്തീഡ്രൽ ട്രസ്റ്റി, കത്തീഡ്രൽ സെക്രട്ടറി, മാനേജിംഗ് കമ്മറ്റി അംഗങ്ങൾ ഒപ്പം സഹകരിച്ച് പ്രവർത്തിച്ച വിവിധ കമ്മറ്റികൾക്ക് നേതൃത്വം നൽകി അദ്ധ്വാനിച്ചവർ, അദ്ധ്യാത്മികസംഘടനാ പ്രവർത്തകർ എല്ലാവരോടും സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു.

നമ്മുടെ ഇടവകയിൽ സേവനം അനുഷ്ഠിക്കുന്ന വൈദികർക്ക് അവർ സേവനം പൂർത്തിയാക്കുന്ന മൂന്നാം വർഷത്തെ പീഡാനുഭവ ആഴ്ച്ച ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുവാൻ അവസരം നൽകുന്ന പൊതുയോഗ തീരുമാനം അത്യധികം ശ്ലാഘനീയമാണ്. ഇടവക യോഗത്തോടുള്ള കടപ്പാട് സസന്തോഷം അറിയിക്കുന്നു.

പ്രിയമുള്ളവരെ ! പുനരുത്ഥാനപെരുന്നാൾ നൽകുന്ന പുതുമ നിലനിർത്താൻ നമുക്ക് കഴിയണം. പരിശുദ്ധമായ നോമ്പിലൂടെ കടന്നുവന്ന വഴി വിസ്മരിച്ചു കളയരുത്.

ജീവിത യാഥാർത്ഥ്യങ്ങളുടെ ആഴങ്ങളിൽ ആത്മീയദ്ധ്യയനത്തിൻെറ മുത്തുമണികൾ നമ്മെ അലങ്കരിക്കുന്ന ഒരു ശൈലി സ്വന്തമാക്കുവാൻ നിരന്തര പരിശ്രമം ഉണ്ടാവണം. നാം ഓരോരുത്തരും സ്വയം ചിന്തിക്കേണ്ട ചോദ്യം ' എന്തുകൊണ്ട് എൻെറ ജീവിതത്തിൽ മാറ്റങ്ങൾ ഉണ്ടാവുന്നില്ല ?' അറിവിൻെറയോ അദ്ധ്വാനത്തിൻെറയോ ഉപദേശത്തിൻെറയോ അനുഗ്രഹങ്ങളുടെയോ കുറവോ? പിന്നെ എന്ത്?. ഈ ചോദ്യം ഗൗരവതരമായി പരിഗണിക്കുക. ഉത്തരം കണ്ടെത്താൻ ശ്രമിക്കുക. ക്രിസ്തീയ പൂർണ്ണതയിലേക്കു വളരുവാൻ ശ്രമിക്കുന്തോറും ഈ ചോദ്യത്തിൻെറ ഉത്തരം വ്യക്തമായി ലഭിക്കും. ദൈവ സന്നിധിയിൽ വിനയപൂർവ്വം പരിശ്രമിച്ചാൽ...

ഈ ഇടവകയിൽ മൂന്നുവർഷത്തെ സേവനം പൂർത്തിയാക്കി ഞാൻ കുടുബസഹിതം തിരികെ മുബൈയിലേക്ക് പോകുവാനായി തയ്യാറെടുക്കുകയാണ്. ഇതിനിടെ ലഭിക്കുന്ന സമയത്ത് നേരിൽ കാണാം എന്ന് ആശിക്കുന്നു.

ഉത്ഥിതനായ കർത്താവിൻെറ കൃപ ഏവരോടും കൂടെ ഉണ്ടായിരിക്കട്ടെ

സ്നേഹപൂർവ്വം

ഉയർപ്പുപെരുന്നാൾ
31/03/2013

**ജേക്കബ് കോശി അച്ചൻ**

My Email account 'jacobkoshyachen@gmail.com' had been hacked and I regret the inconvenience caused by the misguiding message. Kindly note that the above id is no more in use and the new id is:
**bethelean@gmail.com**



# ഉയിർപ്പിൻെറ ഉണർത്തുപാട്ട്.

ഫാ. ബിജുആൻഡ്രൂസ് ഇടുക്കി

ബെത്‌ലഹേമിലെ കാലിതൊഴുത്തിൽ നിന്ന് അൽപം അകലെയായി ഒരു കഴുമരത്തിൽ കൊല്ലപെടുകയായിരുന്നു അവൻ. നിൻെറ ദൈവത്തെ നിനക്ക് നഷ്ടപെട്ടു എന്നാൽ കുരിശുമരണത്തിൻെറ അർത്ഥം. അപ്പോൾ തുടർച്ചയുടെ വിനാഴികയിൽ എപ്പോഴോ കൈവിട്ടുപോയ ഒരുവനെ ഒരു ഇടവേളക്കുശേഷം തിരികെ ലഭിക്കുന്നതിൻെറ പേരാണ് പുനരുത്ഥാനം.

ജീവിതത്തിൻെറ തിരക്കുകളിലും, തിന്മകളുടെ ബന്ധനത്തിലും ഒരുവൻ വളരെ വേഗം ദൈവത്തെ നഷ്ടമാകും എന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. അതിരാവിലെ ഇരുട്ടുള്ളപ്പോൾ കർത്താവിൻെറ കല്ലറയിലെത്തുന്നു മഗ്ദലനമറിയാം. ഗുരുനാഥൻ കല്ലറയിൽ ഇല്ല എന്നത് മറിയത്തെ മനോദു:ഖത്തിൻെറ തീവ്രതയിലേക്ക് തള്ളി. ക്രിസ്തുവിൻെറ പന്ത്രണ്ടാം വയസ്സിൽ യെറുശലേം ദേവാലയത്തിൻെറ പടവുകളിൽ കന്യകമറിയത്തിന് ബാലനായ യേശുവിനെ നഷ്ടമാക്കുന്നു. രണ്ടു മറിയമാരും കർത്താവിനെ അധികമായി സ്നേഹിച്ചിരുന്നു. എന്നിട്ടും രണ്ടുപേർക്കും കർത്താവിനെ നഷ്ടമാകുന്നു. രണ്ടുപേരും തകർന്നുനുറുങ്ങിയ ഹൃദയവുമായിട്ടാണ് അവനെ അന്വേഷിക്കുന്നത്. രണ്ടുപേരും അവനെ കണ്ടെത്തുന്നു.

ഉയിർപ്പിൻെറ പെരുന്നാൾ ക്രിസ്തുമരണത്തെ തകർത്തിരിക്കുന്നു എന്നു മാത്രമല്ല നഷ്ടപ്പെട്ടുവെങ്കിലും നമുക്കവനെ തിരികെ ലഭിക്കുന്നു എന്നു കൂടിയാണ്. എത്ര ദൂരയായി കൈവിട്ടുപോയാലും തിരികെ ലഭിക്കും എന്ന സുവാർത്തയാണ് ഈസ്റ്റർ പങ്ക് വെയ്ക്കുന്നത്. പുനരുത്ഥാനം ചെയ്ത ക്രിസ്തുമൊഴികൾ ആശ്വാസദായകമാണ്. ലോകവസാനം വരെ ഞാൻ നിങ്ങളോടു കൂടിയുണ്ടാകും. ഉയിർപ്പിനെ കുറിച്ച് ലോകം കേൾക്കുന്ന ഏറ്റം പ്രത്യാശജനകമായ വാക്യമാണിത്.

ഉയിർപ്പ് നമുക്ക് ആന്തരിക ബലവും ശക്തിയും നൽകുന്നു. ഭയചകിതരായ ശിഷ്യന്മാർ അവനുവേണ്ടി ജീവിച്ചു തുടങ്ങിയപ്പോൾ വല്ലാത്ത പരിണാമമുണ്ടാക്കുന്ന അവരുടെ ഭയം ആത്മധൈര്യമായി മാറുന്നു. ഉള്ളിലെ സങ്കടം കെട്ടണയുന്നു. സർവ്വ ഭീതിയും ഉരിഞ്ഞുമാറ്റപെടുന്നു. കാൽവറിയിൽ ഒരിക്കലവൻ കൊല്ലപ്പെട്ടു. അരിമത്യാക്കാരൻ യോസഫിൻെറ കല്ലറയിൽ നിന്ന് അവൻ ഉത്ഥാനം ചെയ്തുവെന്നതിനു രേഖകളുണ്ട്. അതിനു ശേഷമ്മുള്ള എല്ലാ ഉയിർപ്പും മനുഷ്യഹൃദയങ്ങളിലാണ്. നഷ്ടപെട്ടിരുന്നുവെങ്കിലും വീണ്ടും തിരികെ ലഭിച്ചിരിക്കുന്നു എന്ന ഉണർത്തുപാട്ടാണ് ഉയർപ്പു പെരുന്നാൾ. മരണം നഷ്ടപെടലാണ്, ഉയർപ്പ് കണ്ടുമുട്ടലും.



ഈസ്റ്റർ ആശംസകൾ

നമ്മുടെ രക്ഷിതാവായ 'യാഷ്‌വാ' യുടെ ഉയിർപ്പിൻെറ മധുരം ആസ്വദിക്കുന്ന സ്നേഹം നിറഞ്ഞ ഇടവക ജനങ്ങളെ,

പഴയനിയമത്തിൽ യോശുവാ അമാലേക്കിനോട് യുദ്ധം നടത്തിയപ്പോൾ മോശ ദൈവത്തിൻെറ ദണ്ഡ് ഉയർത്തിപിടിക്കുകയും ഇസ്രായേൽ യുദ്ധത്തിൽ ജയിക്കുകയും ചെയ്തു. വാസ്തവത്തിൽ ആ യുദ്ധത്തിൻെറ ജയത്തിന് പിന്നിൽ യോശുവായുടെ സൈന്യബലത്തേക്കാൾ മോശയുടെ ഉയർത്തിപിടിച്ച കൈയും ദണ്ഡും ആയിരുന്നു പ്രധാനം. മോശ മാത്രമല്ല പ്രശംസ അർഹിക്കുന്ന മറ്റ് രണ്ട് പേരും കൂടിയുണ്ട്. അഹറോനും, ഹൂറും അവരും മോശയോടൊപ്പം മലമുകളിൽ കയറുകയും സൂര്യൻ അസ്തമിക്കുന്നതുവരെ മോശയുടെ കൈ ഉയർത്തിപിടിക്കുകയും ചെയ്തു. അങ്ങനെ യുദ്ധം ജയിച്ചു.

വളരെ അധികം സന്തോഷത്തോടും അഭിമാനത്തോടും എഴുതട്ടെ. ഈ ഹാശാ ആഴ്ച്ചയിൽ അനേകം അഹറോന്മാരേയും ഹൂർ മാരെയും ഞങ്ങൾ കണ്ടു. മറഞ്ഞുനിന്നും നേരിട്ടും പള്ളിയുടെ ഹാശാ ആഴ്ച്ച പ്രവർത്തനങ്ങളെ ഭംഗിയാക്കുവാൻ വേണ്ടി ഈ പള്ളിയെ സ്നേഹിക്കുന്ന അനേകം മുഖങ്ങളുടെ അർപ്പണ ബോധത്തെ ഞങ്ങൾ അനുഭവിച്ചറിഞ്ഞു.

ഇവരിൽ പലരും ആളുകളുടെ ശ്രദ്ധാ കേന്ദ്രങ്ങൾ ആകാറില്ല. പ്രശംസയ്ക്കുവേണ്ടി തല നീട്ടാറുമില്ല പക്ഷെ അവരുടെ പിന്തുണ ഞങ്ങൾക്ക് വളരെ പ്രധാനപെട്ടതാണ്. ദൈവവേലയിൽ തന്നെ സഹായിച്ചവരുടെ വലിയ ലിസ്റ്റ് തന്നെ വി. പൗലോസ് കൊലോസ്യർക്ക് എഴുതിയ ലേഖനത്തിൽ പറയുന്നുണ്ട്. അതു പോലെ ഹാശാ ആഴ്ച്ച വിജയിപ്പിക്കാൻ മാനേജിംഗ് കമ്മറ്റിയെ സഹായിച്ച എല്ലാ അത്മീയ സംഘടനകളുടെയും വ്യക്തികളുടെയും ലിസ്റ്റ് ഞങ്ങളുടെ കൈയ്യിലുണ്ട്. അത് ഇവിടെ എഴുതി ദൈവത്തിൽ നിന്ന് അവർക്ക് കിട്ടുന്ന അനുഗ്രഹ പ്രവാഹത്തിന് തടയിടുന്നില്ല.. ദൈവ വേല ചെയ്യുന്നത് അനേകർ കൂടിയാണെങ്കിലും നേതൃത്വം സ്ഥാനത്ത് നിൽക്കാൻ ചിലർക്ക് മാത്രമെ ദൈവം അവസരം കൊടുക്കുകയുള്ളു. പലർക്കും പശ്ചാത്തലത്തിൽ നിന്ന് പ്രവർത്തിക്കാനാണ് ദൈവ നിയോഗം അങ്ങനെ നേതൃത്വ സ്ഥാനത്തേക്ക് ഈത്തവണ ദൈവം തിരെഞ്ഞെടുത്തത് ബഹുമാനപ്പെട്ട ജേക്കബ് കോശിയച്ചനേയും സഹ കാർമ്മീകരായി എത്തിയ ബിജു ആൻഡ്രൂസ് അച്ചനും എം ബി ജോർജ്ജ് അച്ചനും പിന്നെ നിങ്ങളോട് വിധേയത്വമുള്ള ഈ മാനേജിംഗ കമ്മറ്റിയും എൻെറ ഇടവക ജനങ്ങളെ നിങ്ങൾക്ക് മാനേജിങ് കമ്മറ്റിയുടെ ബിഗ് സലൂട്ട്. ദൈവം മേൽക്കുമേൽ നമ്മളെ അനുഗ്രഹിക്കട്ടെ. നമ്മുടെ ഈ ഐക്യം നഷ്ടപെട്ട് പോകാതിരിക്കൻ നമ്മുടെ കുലമാതാവായ കന്യകമറിയാമിൻെറ മദ്ധ്യസ്ഥതയിൽ നമുക്ക് അഭയം പ്രാപിക്കാം.

നമ്മുടെ പള്ളിയുടെ വിപുലീകരണ നിർമ്മാണ പ്രവർത്തനത്തിന് ഊർജം പകരുന്ന ബിൽഡിംഗ് എക്സികൂട്ടീവ് കമ്മറ്റിയുടെ പ്രവർത്തനം അതിഗംഭീരമായിരിക്കുന്നു. മെയ് മൂന്നിന് നമ്മുടെ മെഗാ പ്രോഗ്രാം വിജയിപ്പിക്കുവാൻ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം എന്ന് അപേക്ഷിച്ചുകൊണ്ട്.

ഒത്തിരി ഒത്തിരി സ്നേഹത്തോടെ

**ജേക്കബ് പുല്ലാക്കുടിയിൽ**
കത്തീഡ്രൽ സെക്രട്ടറി


Mid Lent Service


Welcoming Rev. Fr. Biju Andrews


Meeting with Hon. Minister K.C. Joseph



Catholicate Day Celebration


Martha Mariyam Vanitha Samajam Charity Tin Launching


Fare well to Mr. V.K. Cherian & Family


Fare well to Mr. Jain C.K. & Family


OCYM won the 1st Prize in Ecumenical Quiz Competition



Mega Fair Ticket Corporate Launch on 23rd March at Ramee International



Mega Fair Ticket Corporate Launch on 23rd March at Ramee International



Mega Fair Ticket Corporate Launch on 23rd March at Ramee International



Mega Fair Ticket Launch at Cathedral




Hosanna Eve. (Palm Sunday )




Passover Wednesday (Pesaha)




Good Friday Service








Good Friday Service






Easter Service





# വി.ഗീവറുഗീസ്സ് സഹദാ

മൂന്നാം നൂറ്റാണ്ടിൻെറ ഉത്തരാർദ്ധത്തിൽ ഒരു റോമാ സൈനിക മേധാവിയുടെ പുത്രനായി കപ്പദോക്യയിൽ ജനിച്ച പുണ്യശ്ലോകനായി രക്തസാക്ഷിത്വം വരിച്ച പരിശുദ്ധനായ ഗീവർഗീസ് സഹദായുടെ പെരുന്നാൾ എപ്രിൽ 24 മുതൽ മെയ് 7ന് അതായത് കൊല്ലവർഷം മേടം 24ന് ആഘോഷിക്കുന്ന ഈ ധന്യവേളയിൽ ഏതാനും സഹദാ ചിന്തകൾ അനുസ്മരിക്കുന്നത് ഉചിതമാണല്ലോ. ലോകമെമ്പാടുമുള്ള ക്രൈസ്തവ ദേവാലയങ്ങളിൽ ബഹുപൂരിപക്ഷവും വി. സഹദായുടെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. സഹദായിലുള്ള വിശ്വാസവും കാതലും ഇത് വെളിവാക്കുന്നു. പശ്ചാത്യരെന്നോ പൗരസ്ത്യരെന്നോ വ്യത്യാസമില്ലാതെ പുണ്യ പുരുഷനായും സഹദായെ ഗണിക്കുമ്പോൾ സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യത്തിൻെറ കാവൽ പിതാവായും വി.ഗീവർഗ്ഗീസ സഹദാ നിലനിൽക്കുന്നു.

ഇരുപതാം വയസ്സിൽ ഒരു രാജ്യത്തെ മുഴുവൻ വിറപ്പിച്ച ഭീകര സർപ്പത്തെ വധിച്ച ഗീവർഗ്ഗീസിൻെറ വീരകഥ ഇന്നും ലോകമെങ്ങും വാഴ്ത്തപ്പെടുന്നു.. ലിബിയൻ രാജ്യത്തെ ഭീകര സർപ്പത്തിൻെറ കരാള ഹസ്തത്തിൽനിന്നും വിടുവിക്കാനായി ഓരോ ദിവസവും ഈരണ്ട് ആടുകളെ ഭീകരജീവിക്ക് ഭക്ഷണമായി എത്തിച്ചുകൊടുക്കുവാൻ രാജാവും ജനങ്ങളും തീരുമാനിച്ചു. ആടുകൾ തീർന്നപ്പോൾ ഓരോമനുഷ്യനെ സർപ്പം വിഹരിക്കുന്ന തടാകതീരത്ത് എത്തിച്ചു തുടങ്ങി. നഗരവാസികളുടെ മുഴുവൻ പേരുകൾ എഴുതി ചീട്ടിട്ടാണ് ദുഷ്ട ജീവിയുടെ ദൈനംദിന ഇരയെ കണ്ടെത്തിയത് . കുചേലനെന്നോ കുബേരനെന്നോ രാജാവെന്നോ വ്യത്യാസമില്ലാതെ നിരവധി കന്യകമാരും ശിശുക്കളും യൗവ്വനക്കാരും സർപ്പത്തിനിരയായി മാറി. ഒരിക്കൽ മരണ നറുക്കു വീണത് ലിബിയൻ രാജാവിൻെറ ഓമനപുത്രിയും സുന്ദരിയുമായ സോഫിയാ രാജകുമാരിക്കായിരുന്നു. രാജനീതി ലംഘിക്കാനാവാതെ വിഷമവൃത്തത്തിലായെങ്കിലും രാജാവ് തൻെറ പുത്രിയെ സർവ്വാംഗ വിഭൂഷിതയാക്കി തടാകതീരത്തെ ഭീകരസർപ്പം വസിക്കുന്ന ഇടത്തേക്ക് അയച്ചു. തീരത്ത് എത്തിയ രാജപുത്രി യുവകോമളനായ ഗീവഗ്ഗീസ് എന്ന റോമ സൈനികനെ കണ്ടുമുട്ടി. ദുഷ്ടജന്തുവിൻെറ

ഭീകര ചരിത്രമറിഞ്ഞ ഗീവഗ്ഗീസ് ക്രിസ്തുവിൻെറ നാമത്തിൽ കുരിശുവരച്ചുകൊണ്ട് തീനാവും വിഷാംശവുമുള്ള ഭീകരസർപ്പത്തിൻെറ വായും തലയും തൻെറ കുന്തംകൊണ്ട് കുത്തി തകർത്തു.

ഈ സംഭവത്തിൻെറ പശ്ചാത്തലത്തിൽ ക്രൈസ്തവ സാക്ഷ്യത്തിൻെറ മകുടോദാഹരണമായി രാജാവും പ്രജകളും ക്രിസ്തുമതം സ്വീകരിച്ചു. വി.മാതാവിൻെറയും വി.ഗീവർഗ്ഗിസിൻെറയും നാമത്തിൽ രണ്ടു വലിയപള്ളികളും സ്ഥാപിച്ചു. അത്ഭുതകരമായി അവിടെ പ്രത്യക്ഷപ്പെട്ട നീരുറവ അനേകം ലക്ഷങ്ങളുടെ രോഗശാന്തിക്കുള്ള ജലമായി മാറുകയും ചെയ്തു.

**ജോസഫ് ചീനിക്കാല**
കത്തീഡ്രൽ ട്രസ്റ്റി

(തുടരും)

# ചരമ അറിയിപ്പ്

മനാമ ഏരിയായിൽ താമസിക്കുന്ന ശ്രീ. നെബു തോമസ്സിൻെറ പിതാവും ഗഫൂൾ ഏരിയായിൽ താമസിക്കുന്ന ശ്രീ അലക്സാണ്ടർ ഡാനിയേലിൻെറ സഹോദരനുമായ എൻ. തോമസ്സ് 4/03/2013 കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം സെൻറ് മേരീസ് ഒർത്തഡോക്സ് ചർച്ച് വെണ്മണിയിൽ വെച്ച് നടത്തപ്പെട്ടു.

അമേരിക്കൻ മിഷൻ ഏരിയായിൽ താമസിക്കുന്ന ശ്രീ. എം ടി മാത്യുവിൻെറ മകൻ ശ്രീ റ്റോബി മാത്യുവിൻെറ ഭാര്യാ പിതാവ് ശ്രീ തോമസ് മാത്യു (മോനച്ചൻ) 56 വയസ്സ് കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം കല്ലിങ്കൽ സെൻറ് ഇഗ്നേഷ്യസ് പള്ളിയിൽ വെച്ച് 15/03/2013 ൽ നടത്തപ്പെട്ടു.

റിഫാ / സിത്ര ഏരിയായിൽ താമസിക്കുന്ന ശ്രീ. സജി പാപ്പച്ചൻെറ പിതാവ് കടവിൽ പുത്തൻ വീട്ടിൽ കെ. പാപ്പച്ചൻ 85 വയസ്സ് 7/3/2013 ൽ കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം സെൻറ് ജോർജ്ജ് ഒർത്തഡോക്സ് ചർച്ച് മൈലത്ത് വെച്ച് നടത്തപ്പെട്ടു.

റിഫാ / സിത്ര ഏരിയായിൽ താമസിക്കുന്ന ശ്രീ. വില്യം ജോണിൻെറ പിതാവ് ജോൺ കുഞ്ഞാണ്ടി 75 വയസ്സ് 7/3/2013 ൽ കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം തലവൂർ സെൻറ് മേരീസ് വലിയ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

സൽമാനിയാ ഏരിയായിൽ താമസിക്കുന്ന ശ്രീ ബിജു പണിക്കരുടെ പിതാവ് ശ്രീ. എൻ കെ ഉമ്മൻ പണിക്കർ 69 വയസ്സ് 19/03/2013 ൽ കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം സെൻറ് പീറ്റേഴ്സ് –സെൻറ് പോൾസ് ചർച്ച് മാറനാട് വെച്ച് നടത്തപ്പെട്ടു.

അദ്ല്യാ/ ഉമ്മൽ ഹസ്സം ഏരിയായിൽ താമസിക്കുന്ന ശ്രീ. കെ.എം. മാത്യൂ തരകൻെറ പിതാവ് ശ്രീ. കെ. എ. തരകൻ 84 വയസ്സ് 9/3/13 ൽ കർത്താവിൽ നിദ്ര പ്രാപിച്ചു.ശവസംസ്കാരം ഹരിപ്പാട് സെൻറ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

ചർച്ച് ഏരിയ സൗത്തിൽ താമസിക്കുന്ന എ.വി ജോർജ്ജിൻെറ മാതാവ് ആലീസ് ഏബ്രഹാം 75 വയസ്സ് 10/03/13 ൽ കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം കോട്ടയം ഏലിയാ കത്തീഡ്രലിൽ വെച്ച് നടത്തപ്പെട്ടു.

അദ്ല്യാ/ ഉമ്മൽ ഹസ്സം ഏരിയായിൽ താമസിക്കുന്ന ശ്രീ. സാജൻ വർഗ്ഗീസിൻെറ ഭാര്യാ പിതാവ് വി. ഇ. ശമുവേൽ 86 വയസ്സ് 18/03/13 ൽ കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം കാർത്തികപള്ളിയിൽ വച്ച് നടത്തപ്പെട്ടു.

## ഇൻഡോ ബഹറിൻ കുടുംബ സംഗമം

അഞ്ചുവർഷത്തിൽ ഒരിക്കൽ നാട്ടിൽ നടക്കുന്ന ഇൻഡോ ബഹറിൻ കുടുംബ സംഗമം കോട്ടയം ഒർത്ത്ഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ(പഴയ സെമിനാരി) പരി: വട്ടശേരിൽ തിരുമേനിയുടെ കബറിടാങ്കണത്തിൽ വെച്ച് 2013 ജൂലൈയ് 28 ഞായറാഴ്ച്ച നടത്തപ്പെടുന്നു. നാട്ടിൽ അവധിക്ക് പോകുവാൻ ആഗ്രഹിക്കുന്ന ഏവരും ഇതിൻ പ്രകാരം ക്രമീകരണം ചെയ്യുവാൻ താൽപര്യപ്പെടുന്നു, എല്ലാവരെയും പ്രത്യേകം ക്ഷണിക്കുന്നു.

## Sunday School Annual day Celebration

സൺ ഡേ സ്കൂൾ ആനുവൽ ഡേ ഈ മാസം 19 ാം തീയതി വെള്ളിയാഴ്ച്ച രാവിലെ വി. കുർബാനക്കു ശേഷം ഈസാറ്റൗൺ ഇൻഡ്യൻ സ്കൂൾ വെച്ച് വൈകുന്നേരം 8 മണി വരെ നടത്തപ്പെടുന്നു





**Mr. Boney Moncy George**
Flat No.7,Dhanshree,
Pimpri, Pune
Diocese: Bombay
Parish: St. Thomas Orthodox Syrian Church
Mob:38389458
Roll No:2214
Area: Muharraq



**Miss.Jayin Mary Thomas**
Thazhathoduthu House
Ayroor North, Pathanamthitta,
Parish: St.Mary's Orthodox Church
Diocese: Nilackal
Mob: 34518995
Roll No.2216
Area: Adliya Um Al-Hassam



**Mr. Jose Pappy**
Vilavinal Vadakkethil House
Keerukuzhy P.O.
Parish: St. George Orthodox Church
Diocese: Thumpamon
Mob:36692482
Roll No:2212
Area: Riffa- Sitra



**Mr. James Thondalil Sakaria**
Thondalil House
Kanichar P.O, Kannur Dist.
Parish: St. Thomas Salem Church
Diocese: Sulthan Bathery
Mob: 33055986
Roll No.2219
Area: Riffa - Sitra



**Mr. Mathew Thomas**
Uluvathu Veliyil,Kaitha North,
Thattarampalam P.O, Alapuzha
Parish: St. John's Orthodox Valiya Palli
Diocese: Mavelikara
Mob:39468885
Roll No:2220
Area: Hoora



**Mr. Sony K. Varghese**
Kilapparampill House
Neerettupuram P.O., Thiruvalla.
Parish: St. Thomas Orthodox Church
Diocese: Niranam
Mob: 34024563
Roll No.2218
Area: Church North



**Mr. M.V. Thomas**
Nankazha Mannompone
Angadical South P.O, Alapuzha
Parish: Mar Greegorious Orthodox Church
Diocese: Chengannur
Mob:39657959
Roll No:2211
Area: Church North



**Mr. Paul Thomas**
Vizhalil Puthen Veedu
Niranam P.O., Pathanamthitta.
Parish: St. Mary's Orthodox Church
Diocese: Niranam
Mob: 39786948
Roll No.2217
Area: Church North



**Mr. Santhosh P.J**
Painuvila Puthen Veedu
Kallumala P.O, Mavelikara, Alpuzha Dist.
Parish: St. Mary's Cathedral
Diocese: Mavelikara
Mob:3361897
Roll No:2215
Area: Salmabad-Isa Town



**Mr. Ranjith Joseph**
Thalayanatharayil House
Venpala, Thiruvalla, Pathanamthitta.
Parish: St. Mary's Orthodox Church
Diocese: Niranam
Mob: 36624409
Roll No.2213
Area: Salmabad-Isa Town



**Mr. Pramod Varghese**
Kannalil House
Venpala P.O, Thiruvalla, Pathanamthitta
Parish: St. Mary's Orthodox Churcg
Diocese: Niranam
Mob:39040196
Roll No:2221
Area: Riffa-Sitra



**Mrs.Sherly Samuel**
Pandikudiyil Thekke Puthen Veedu
Adoor, Adoor Pathanamthitta.
Parish: St. Thomas Cathedral, Kannamkode
Diocese: Adood-Kadampanad
Mob: 36863752
Roll No.2223
Area: Riffa-Sitra

| Date | Time | Area | Address /Venue |
|---|---|---|---|
| 04/04/2013 | 7:30 P.M. | Gafool /Khamis | **Mr.Benny Varkey**<br>Flat: 39, Bldg.1198, Road:5637<br>Kanoo Garden, Mob: 39605401 |
| 05/04/2013 | 4:30 P.M. | Riffa /Sitra | **Mr. Biju Abraham**<br>Flat: 21,Bldg: 43, Road:103<br>East Riffa. Mob: 39121566 |
| 05/04/2013 | 6:00 P.M. | Church South | **Mr. George A.V. (Prakash)**<br>Flat: 14, Bldg: 220, Road:1111<br>Salmaniya, Mob: 39442169 |
| 05/04/2013 | 7:30 P.M. | Church North | **Mr. Varghese Abraham (Ponnachen)**<br>Flat: 307, Road:1113,Block:311<br>Salmaniya, Mob: 39826741 |
| 12/04/2013 | 5:30 P.M. | Hoora | **Mr. James Mohan Kanjoor**<br>Flat: 41, Bldg: 504, Road:2014,<br>Hoora, Mob: 39463572 |
| 12/04/2013 | 6.00 P.M. | Gudaibiya | **Mr. Geevarghese P.**<br>Flat:01, Bldg: 867, Road: 824<br>Gudaibiya, Mob: 39866229 |
| 12/04/2013 | 7:30 P.M. | American Mission | **Mr.Johnson Varghese**<br>Flat: 22, Bldg: 837 Road: 723<br>Opp. Indian Club,Mob: .39933714 |
| 15/04/2013 | 8:00 P.M. | Adliya-Um AlHassam | Hosted by **Mr. Philipose George ( Biju)**<br>Theophilus Hall, SMIOC,<br>Mob: 39613319 |
| 18/04/2013 | 8:00 P.M. | Muharraq | **Mr.Thomas Samuel**<br>Flat: 11, Bldg: 52 Road: 701<br>Mob: .37778582 |
| 22/04/2012 | 8:00 P.M. | Isa Town/Salmabad | **Mr. Binu George**<br>Flat: 21,Bldg:2485, Road:164<br>Tubli, Mob: 39966431 |
| 26/04/2013 | 4:30 P.M. | Salmaniya | **Mr. Binoy George**<br>Flat: 21, Bldg: 405 Road: 2907<br>Salmaniya,Mob: 39238053 |
| 26/04/2013 | 6:00 P.M. | Sh. Hammad/Lulu | **Mr. Shaji K. George**<br>Flat: 202/34, Bldg: 927 Road: 319<br>Al-nooh Bldg,Mob: 39425694. |
| 26/04/2013 | 7:15 P.M. | Manama | **Mr. Babu Punnoose**<br>Flat: 213, Bldg: 242 Block: 315<br>Mob: 39657111 |

ദിവ്യബോധനം P.O.C.E ക്ലാസ്സുകൾ എല്ലാ തിങ്കളാഴ്ച്ചയും വൈകിട്ട് 7:45 നും D.O.C.E ക്ലാസ്സുകൾ എല്ലാ ചൊവ്വാഴ്ച്ചയും വൈകിട്ട് 8:00 നും കത്തീഡ്രലിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്.

പള്ളിപരിസരത്ത് വാഹനങ്ങൾ പാർക്ക് ചെയ്ത് പരിസരവാസികൾക്ക് അസൗകര്യം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുക

# *Favours Received*



**Well Wisher**



**Samji Mathew & Rinu Samji**
**Hannah Mariam Samji**
**Heleena Mariam Samji**



**Roy Baby & Dolly Roy**
**Roshini Roy**



**Mathew Isaac & Bini George**
**Athulya Liz Mathew**
**Annora Ann Mathew**



**Jacob George & Jaya Jacob George**
**Nita Mary Jacob**
**Nija Anna Jacob**

In ever loving memory of



**Sister Sali**
**Mount Tabor Convent, Pathanapuram**
3rd Death Anniversery on 24/04/2013

By sorrowing: Saji Kudassanad & Family

# *Favours Received*



**Sunu Kuruvilla & Jisha Sunu**
**Abeeha Susan Sunu**



**Samkutty T. & Mini Cheriyan**
**Alan T. Sam**
**Kezia Grace Sam**



**John Raju & Lincy John**
**Jelvin John**
**Jefly John**







**Varghese C. P. & Mary Varghese**
**John C. Varghese**

**Mathai C.M. & Mary Mathai**
**Anu C. Mathai**
**Anju C. Mathai**